(ബി) ഇവർക്ക് മാലിന്യങ്ങളിൽനിന്നും രോഗങ്ങൾ വരാതിരിക്കുന്നതിനായി എന്തെല്ലാം സംരക്ഷണങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവർക്ക് രോഗം ബാധിച്ചാൽ എന്തെങ്കിലും ചികിത്സാസഹായങ്ങൾ വകുപ്പിൽ നിന്നും ലഭിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖരമാലിന്യ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി ഏപ്രൺ, ഗ്ലൗസ്, മാസ്ക്, യൂണിഫോം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യങ്ങൾ ശേഖരിക്കുന്ന വീടുകൾ, ഫ്ളാറ്റുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും കൂലിയായി ലഭിക്കുന്നതുക കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് തുല്യമായി വീതിച്ചുനൽകുന്നു.

(ബി) ഇവർക്ക് വർഷത്തിലൊരിക്കൽ രണ്ട് ഏപ്രൺ, മാസത്തിൽ രണ്ട് ഗ്ലൗസ്, മാസത്തിൽ ഒരു മാസ്ക്, വർഷത്തിൽ രണ്ട് യൂണിഫോം, ചെരുപ്പ് തുടങ്ങിയ വ്യക്തിഗത ശുചിത്വ ഉപാധികളും പ്രഥമ ശുശ്രൂഷാ കിറ്റുകളും അതോടൊപ്പം പ്രതിരോധ കുത്തിവെയ്പ്പും നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു ചെലവാകുന്ന തുകയുടെ 50% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 50% അതാത് കുടുംബശ്രീ യൂണിറ്റും വഹിക്കണമെന്ന് 25-8-2009-ലെ ജി.ഒ.(എംഎസ്.)166/09/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാർ അംഗീകൃത ആശുപത്രികളിൽനടത്തുന്ന ചികിത്സാ ചെലവ് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് വ്യവസ്ഥപ്രകാരം ഇവർക്കും നൽകി വരുന്നുണ്ട്.

ഖര മാലിന്യത്തൊഴിലാളികൾക്ക് ക്ഷേമനിധി

129 (1599) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ ജോലിചെയ്യുന്ന ഖരമാലിന്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ;

(ബി) ഇവർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 25-8-2009-ലെ ജി.ഒ.(എംഎസ്.) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച റിപ്പോർട്ടിലെ ഖരമാലിന്യ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുടെ 5-5-2010-ലെ ഡിസി1/33636/09-ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത നഗരസഭയും കുടുംബശ്രീ യൂണിറ്റും വഹിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly